പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1853 22.03.2012 - ലെ മറുപടിക്ക്

## പി.എസ്.സി പരീക്ഷകൾക്ക് ജില്ലാ വെയ്റ്റേജിന് നിയമ നിർമ്മാണം

**ചോദ്യം**

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ഗ്രൂപ്പ് സി, ഡി തസ്തികകളിൽ അതാത് ജില്ലക്കാർക്ക് പി.എസ്.സി നൽകിയിരുന്ന വെയ്റ്റേജ് മാർക്കിന് നിയമസാധുത ലഭിക്കുന്നതിന് നിയമ നിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ ?

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
(ബഹു. മുഖ്യമന്ത്രി)

എല്ലാ ജില്ലാതല നേരിട്ടുള്ള നിയമനങ്ങൾക്കും അതാത് ജില്ലയിൽ ഉള്ള ഉദ്യോഗാർത്ഥികൾക്ക്, തഹസിൽദാറിൽ കുറയാത്ത റാങ്കിലുള്ള ജില്ലാ തല ഉദ്യോഗസ്ഥൻ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 5 മാർക്കിന്റെ വെയിറ്റേജ് നൽകുവാൻ KS&SSR പാർട്ട് II ചട്ടം 5 A- യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 18.01.2012 -ൽ 16516/ 11 - നമ്പർ റിട്ട് ഹർജിയിലും അനുബന്ധ കേസുകളിലും ജില്ലാതല നിയമനങ്ങളിൽ നേറ്റിവിറ്റിക്ക് വെയിറ്റേജ് മാർക്ക് നൽകുന്നതിനെതിരെ വിധിന്യായം പുറപ്പെടുവിച്ചതിനെ തുടർന്ന് പ്രസ്തുത കോടതി വിധിക്കെതിരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അപ്പീൽ ഫയൽ ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ